**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1447** | **19-06-2024 - ൽ മറുപടിയ്ക്ക്**

**മലബാർ പ്രദേശത്തെ പ്ലസ് വൺ സീറ്റ് ക്ഷാമം പരിഹരിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. പി. കെ. ബഷീർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മിനിമം വേണ്ട 25 കുട്ടികളില്ലാത്ത ഹയർ സെക്കണ്ടറി ബാച്ചുകൾ സംസ്ഥാനത്തുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | 2023-24 അദ്ധ്യയന വർഷം പ്ലസ് വൺ പ്രവേശനം പൂർത്തിയായപ്പോൾ 25-ൽ താഴെ കുട്ടികൾ ഉള്ള 129 ബാച്ചുകൾ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഉണ്ട്. |
| (ബി) | പ്ലസ് വൺ സീറ്റുകളിലെ അപര്യാപ്തത പരിഹരിക്കുന്നതിനായി മറ്റ് പ്രദേശങ്ങളിലെ കുട്ടികൾ കുറഞ്ഞ ബാച്ചുകൾ മലബാർ മേഖലയിലേയ്ക്ക് മാറ്റണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; | (ബി) | മുൻ വർഷങ്ങളിൽ കുട്ടികൾ കുറവുള്ള ബാച്ചുകൾ ആവശ്യമുള്ള പ്രദേശങ്ങളിലേയ്ക്ക് ഷിഫ്റ്റ് ചെയ്തിട്ടുണ്ട്. സീറ്റ് ക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി സ.ഉ.(കൈ) നം. 45/2024/പൊ.വി.വ തീയതി 08/05/2024 സർക്കാർ ഉത്തരവ് പ്രകാരം 2023-24 വർഷം താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ തുടരുന്നതിനും മലബാർ മേഖലയിൽ എല്ലാ സർക്കാർ സ്കൂളുകളിലും 30% മാർജിനൽ സീറ്റ് വർദ്ധനയും, എല്ലാ എയ്ഡഡ് സ്കൂളുകൾക്കും 20% മാർജിനൽ സീറ്റ് വർദ്ധനയും, ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകൾക്ക് അധികമായി 10 ശതമാനം മാർജിനൽ സീറ്റ് വർദ്ധനയും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (സി) | ഇക്കാര്യത്തിൽ സർക്കാർ അനുകൂലമായ തീരുമാനം എടുക്കുമോ; വിശദമാക്കുമോ? | (സി) | മുഖ്യഘട്ട പ്രവേശനം പൂർത്തീകരിച്ച ശേഷം സംസ്ഥാന തലത്തിലും താലൂക്ക് തലത്തിലും സ്ഥിതി വീണ്ടും പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ